**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5328 01.07.2019-ൽ മറുപടിക്ക്**

**ഇ-വേ ബിൽ സമ്പ്രദായം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജെയിംസ് മാത്യു<br>,, പുരുഷൻ കടലുണ്ടി<br>,, കെ.കുഞ്ഞിരാമൻ<br>,, എ. പ്രദീപ്കുമാർ | | ഡോ. ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അന്തർ സംസ്ഥാന ചരക്കുനീക്കം വീക്ഷിക്കുന്നതിന് ഇ-വേ ബിൽ സമ്പ്രദായം പൂർണ്ണമായ രീതിയിൽ നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്, ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനമനുസരിച്ച് 01-04-2018 മുതൽ അൻപതിനായിരം രൂപയിൽ കൂടുതൽ മൂല്യമുള്ള, ചട്ടപ്രകാരം ഒഴിവാക്കിയിട്ടില്ലാത്ത എല്ലാ ചരക്കുകളുടെയും നീക്കത്തിന് ഇ-വേ ബിൽ ബാധകമാണ്. പ്രസ്തുത തീരുമാനത്തിന് വിധേയമായി 01-04-2018 മുതൽ തന്നെ കേരളത്തിലും ഇ-വേ ബിൽ സമ്പ്രദായം നിലവിൽ വന്നിട്ടുണ്ട്. ഇ-വേ ബില്ലുകൾ എടുക്കാതെയോ കാലഹരണപ്പെട്ട ഇ-വേ ബില്ലുകളുമായോ വരുന്ന ചരക്കുകളുടെ മേൽ നികുതിയും തത്തുല്യമായ തുക പിഴയായും ചുമത്തുന്നുണ്ട്. ഇത്തരം ശിക്ഷാനടപടികൾ നികുതി വെട്ടിപ്പിനുള്ള സാധ്യത ഗണ്യമായി കുറയ്ക്കുന്നതായി തെളിഞ്ഞിട്ടുണ്ട്. ANPR ക്യാമറ സംവിധാനം ഉപയോഗിച്ച് സംസ്ഥാനത്തിനകത്തേയ്ക്ക് വരുന്ന ചരക്ക വാഹനങ്ങൾ ഇ-വേ ബിൽ എടുത്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടി നടന്നുവരുന്നു. ഇതിന്റെ ഭാഗമായി വാളയാറിൽ പൈലറ്റ് അടിസ്ഥാനത്തിൽ ANPR ക്യാമറ സംവിധാനം പരിശോധിച്ച് കാര്യക്ഷമത ഉറപ്പു വരുത്തിയിട്ടുണ്ട്. |
| (ബി) | ഇ-വേ ബിൽ സമ്പ്രദായം പൂർണ്ണമായി നടപ്പിലാക്കുന്നതോടെ അതിർത്തി ചെക്കുപോസ്റ്റുകളുടെ പ്രവർത്തനത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടാകുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ജി.എസ്.ടി സംവിധാനം നടപ്പിലാക്കിയതുമുതൽ അതിർത്തി ചെക്പോസ്റ്റ് സംവിധാനം നിർത്തലാക്കിയിട്ടുണ്ട്. |

(സി) ഏതെല്ലാം ചരക്കുകൾക്കാണ് ഇ-വേ ബിൽ സമ്പ്രദായം ബാധകമല്ലാത്തതെന്ന് വ്യക്തമാക്കാമോ;

ചരക്കുസേവന നികുതി നിയമപ്രകാരം ചുവടെ ചേർത്തിരിക്കുന്ന വിതരണങ്ങൾക്ക് ഇ-വേ ബിൽ ബാധകമല്ല.

| **ക്രമ നമ്പർ** | **ചരക്കുകളുടെ വിവരണം** |
|---|---|
| -1- | -2- |
| 1 | ഗാർഹികാവശ്യത്തിനുള്ളതും നോൺ ഡൊമസ്റ്റിക് എക്സംപ്റ്റഡ് വിഭാഗത്തിലുള്ള (NDEC) ഉപഭോക്തക്കൾക്കു വേണ്ടിയുള്ളതുമായ ദ്രവീകൃത പെട്രോളിയം ഗ്യാസ് |
| 2 | പൊതുവിതരണ കേന്ദ്രത്തിലൂടെ വിൽപന നടത്തുന്ന മണ്ണെണ്ണ |
| 3 | തപാൽ വകുപ്പ് കൈമാറ്റം നടത്തുന്ന പോസ്റ്റൽ ബാഗേജ് |
| 4 | Natural or cultured pearls and precious or semi-precious stones; precious metals and metals clad with precious metal (Chapter 71) |
| 5 | ചാപ്റ്റർ 71 ന കീഴിലെ സ്വർണ്ണ, വെള്ളി ആഭരണങ്ങളും മറ്റു വസ്തുക്കളും, ( Jewellery, goldsmith's and silver smith's wares and other articles (Chapter 71)` |
| 6 | കറൻസി |
| 7 | ഉപയോഗിച്ച സ്വകാര്യ ഗാർഹിക വസ്തുക്കൾ |
| 8 | Coral, unworked (0508) and worked coral (9601) |

(ഡി) ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയ സാഹചര്യത്തിൽ ഇപ്രകാരമുള്ള ചരക്കുനീക്കം നിരീക്ഷിക്കുന്നതിനും രേഖപ്പെടുത്തുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

അതിർത്തി ചെക് പോസ്റ്റ് സംവിധാനം നിർത്തലാക്കേണ്ടി വന്ന സാഹചര്യത്തിൽ അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് വരുന്ന ചരക്കുനീക്കം നിരീക്ഷിക്കുന്നതിനായി ബദൽ സംവിധാനം എന്ന നിലയിൽ സംസ്ഥാന ജി.എസ്.ടി

| | | | |
|---|---|---|---|
| | | | ഡിപ്പാർട്ട്മെന്റിന്റെ ഇന്റലിജൻസ് സംവിധാനം ശക്തിപ്പെടുത്തുകയും പ്രധാന അതിർത്തികളിൽ 24 മണിക്കൂറും വാഹന പരിശോധനയ്ക്കും ഇ-വേ ബിൽ പരിശോധനയ്ക്കുമായി സർവയിലൻസ് സ്ക്വാഡുകളെ ഷിഫ്റ്റ് സമ്പ്രദായത്തിൽ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ആട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡർ സംവിധാനം വഴി സംസ്ഥാനത്തിനകത്തേയ്ക്ക് വരുന്ന ചരക്കുവാഹനങ്ങളിൽ ഇ-വേ ബിൽ ഉണ്ടോ എന്ന് പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | അന്തർ സംസ്ഥാന ചരക്കുനീക്കത്തിന്റെ സുതാര്യത ഉറപ്പുവരുത്തുന്നതിനായി ഓൺലൈൻ സെൽഫ് ഡിക്ലറേഷൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഇ) | അന്തർ സംസ്ഥാന ചരക്കുനീക്കത്തിന്റെ സുതാര്യത ഉറപ്പുവരുത്തുന്നതിനായി ഓൺലൈൻ സെൽഫ് ഡിക്ലറേഷൻ സംവിധാനം എന്ന നിലയിൽ ജി.എസ്.ടി കൗൺസിലിന്റെ തീരുമാനമനുസരിച്ച് 01-04-2018 മുതൽ അൻപതിനായിരം രൂപയിൽ കൂടുതൽ മൂല്യമുള്ള, ചട്ടപ്രകാരം ഒഴിവാക്കിയിട്ടില്ലാത്ത എല്ലാ ചരക്കുകളുടെയും നീക്കത്തിന് ഇ-വേ ബിൽ സമ്പ്രദായം കൊണ്ടുവന്നു. പ്രസ്തുത തീരുമാനത്തിന് വിധേയമായി 01-04-2018 മുതൽ തന്നെ കേരളത്തിലും ഇ-വേ ബിൽ സമ്പ്രദായം നിലവിൽ വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ